# ഫാതിഹയുടെ മുന്നിൽ...

അബ്ദുൽ മുഹ്സിൻ ഐദീദ്

alaswala.com

عَنْ أُبَيِّ بْنِ كَعْبٍ قَالَ: قَالَ رَسُولُ اللَّهِ -ﷺ-:

**«مَا أَنْزَلَ اللَّهُ عَزَّ وَجَلَّ فِي التَّوْرَاةِ، وَلَا فِي الْإِنْجِيلِ مِثْلَ أُمِّ الْقُرْآنِ وَهِيَ السَّبْعُ الْمَثَانِي، وَهِيَ مَقْسُومَةٌ بَيْنِي وَبَيْنَ عَبْدِي وَلِعَبْدِي مَا سَأَلَ»**

"തൗറാതിലോ ഇഞ്ചീലിലോ സബൂറിലോ ഖുർആനിലോ ഇത് പോലൊന്ന് അവതരിക്കപ്പെട്ടിട്ടില്ല. 'സബ്ഉൽ മസാനി'യെന്ന, എനിക്ക് നൽകപ്പെട്ട 'ഖുർആനൽ അദ്വീമായ' (സൂറതുൽ ഫാതിഹയാണ്) അത്."

(നസാഈ: 914)

# ഫാതിഹയുടെ പേരുകൾക്ക് പിന്നിൽ

ഖുർആനിലെ ആദ്യത്തെ അദ്ധ്യായമായ സൂറത്തുൽ ഫാതിഹക്ക് അനേകം പേരുകളുണ്ട്. എന്തു കൊണ്ടാണ് ഒരേ സൂറതിന് വ്യത്യസ്ത പേരുകൾ എന്നു ചിന്തിച്ചിട്ടുണ്ടോ? ഒരു വസ്തുവിന് പേരുകൾ അധികരിക്കുന്നത് അതിന്റെ മഹത്വവും സ്ഥാനവും അറിയിക്കുന്നു എന്നതാണ് ഒരു കാരണം. പൊതുവേ അറബികൾക്കിടയിൽ അറിയപ്പെട്ട കാര്യമാണിത്.

അവരുടെ ജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള പലതിനും ഒന്നിലധികം പേരുകൾ നൽകപ്പെട്ടതായി കാണാം. ഉദാഹരണത്തിന് സിംഹം; ധാരാളം പേരുകൾ അറബിയിൽ സിംഹത്തിന് പറയപ്പെട്ടിട്ടുണ്ട്. അത് ആ ജീവിയുടെ ശക്തിയും കാട്ടിലെ മൃഗങ്ങൾക്കിടയിൽ അതിനുള്ള പ്രാധാന്യവും ബോധ്യപ്പെടുത്തുന്നു.

ഇസ്ലാമിലെ പ്രധാനപ്പെട്ട പല വിഷയങ്ങളും ഇപ്രകാരം ധാരാളം പേരുകൾ കൊണ്ട് വിശേഷിപ്പിക്കപ്പെട്ടതായി കാണാം. ഉദാഹരണത്തിന് അന്ത്യനാൾ. ഖിയാമ, വാഖിഅ, ഖാരിഅ, ആഖിറ, യൗമുൽ ബഅ്ഥ്, ഹാഖഃ... ധാരാളം പേരുകൾ. അന്ത്യനാളിന്റെ ഗൗരവവും പ്രാധാന്യവും, അതിന് നൽകേണ്ട പരിഗണനയും ഈ പേരുകൾ ഓർമ്മപ്പെടുത്തുന്നു.

അല്ലാഹുവിന്റെ സംസാരമായ ഖുർആൻ. ധാരാളം പേരുകളുണ്ട് ഖുർആനിന്. ഫുർഖാൻ, തൻസീൽ, അൽ-കിതാബ്, കലാമുല്ലാഹ്... ഖുർആൻ ഉൾക്കൊള്ളുന്ന അർത്ഥങ്ങളുടെയും ആശയത്തിന്റെയും, അതിന് കൽപ്പിക്കപ്പെടേണ്ട പ്രാധാന്യത്തിന്റെയും ഓർമ്മപ്പെടുത്തൽ ഈ പേരുകളിൽ ഉണ്ട്.

നബി -ﷺ- ക്കും അനേകം പേരുകൾ ഉണ്ടായിരുന്നല്ലോ? മുഹമ്മദ്, അഹ്മദ്, മാഹീ, ഹാഷിർ, ആഖിബ്... അവിടുത്തേക്ക് അല്ലാഹുവിങ്കൽ ഉള്ള ആദരവിനെ കുറിച്ചും, മഹത്വത്തെ കുറിച്ചും ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

എന്തിനധികം പറയണം?!

അല്ലാഹു -تَعَالَى- യുടെ പേരുകൾ എത്ര ധാരാളമുണ്ട്. അവയിൽ 99 നാമങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തവർക്ക് സ്വർഗമുണ്ട് എന്ന് നബി -ﷺ- അറിയിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഈ നാമങ്ങൾ അവന്റെ മഹത്വവും ശ്രേഷ്ഠതയും എല്ലാ നന്മകളിലും ഉത്തമ ഗുണങ്ങളിലും അവൻ പൂർണതയുള്ളവനാണ് എന്നും അറിയിക്കുന്നു.

ഫാതിഹയുടെ കാര്യവും ഇത് പോലെ തന്നെ. മറ്റു സൂറതുകളെ അപേക്ഷിച്ച് ഈ സൂറതിന് ധാരാളം നാമങ്ങളുണ്ട്. അവ ഈ സൂറത് ഉൾക്കൊള്ളുന്ന ആശയത്തെയും, അതിന്റെ പ്രാധാന്യത്തെയും കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നു.

ഈ സൂറതിനെ കുറിച്ച് ചിന്തിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും, ഓരോ ദിവസവും ആവർത്തിച്ചാവർത്തിച്ച് നമ്മെ കൊണ്ട് ഓരോ നിസ്കാരങ്ങളിലും പാരായണം ചെയ്യിക്കുന്നതിന് പിന്നിലെ ഉദ്ദേശത്തെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

# ഫാതിഹയുടെ പേരുകൾ

ഫാതിഹക്ക് ധാരാളം പേരുകൾ ഉണ്ടെന്നും, അവ ഈ സൂറതിന്റെ പ്രത്യേകത നമ്മെ ബോധ്യപ്പെടുത്തുന്നുവെന്നും വിശദീകരിക്കുകയുണ്ടായി. ചില പണ്ഡിതന്മാർ ഫാതിഹക്ക് ഇരുപത് പേരുകൾ വരെ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അവയിൽ ചിലത് ചുരുക്ക വിശദീകരണത്തോടൊപ്പം താഴെ നൽകാം.

### ഫാതിഹഃ (الفَاتِحَةُ)

പ്രാരംഭം എന്നർത്ഥം. ഖുർആൻ ആരംഭിക്കുന്നത് ഫാതിഹ കൊണ്ടാണ്. എല്ലാ ദിവസത്തെയും നിസ്കാരങ്ങളിൽ ആദ്യമായി പാരായണം ചെയ്യുന്ന ഖുർആനിലെ സൂറതും ഫാതിഹയാണ്. അതിനാൽ നിസ്കാരത്തിന്റെ ആരംഭവും ഫാതിഹയാലാണ്.

### ഉമ്മുൽ ഖുർആൻ (أُمُّ القُرْآنِ)

'ഉമ്മുൽ ഖുർആൻ' എന്നാൽ ഖുർആനിന്റെ മാതാവ് എന്നു ഭാഷാർത്ഥം. ഖുർആനിലെ ആശയാർഥങ്ങൾ ഫാതിഹയിൽ ചുരുക്ക രൂപത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നതിനാലാണ് ഈ പേര് നൽകപ്പെട്ടതെന്ന് ചിലർ പറഞ്ഞിട്ടുണ്ട്.

### സ്വലാത് (الصَّلَاةُ)

പ്രാർത്ഥന എന്നർത്ഥം. ഇസ്ലാമിലെ അതിമഹത്തരമായ ഇബാദതായ നിസ്കാരത്തിനും സ്വലാത് എന്നു തന്നെയാണ് പറയുക. ഫാതിഹ നിസ്കാരത്തിൽ പാരായണം ചെയ്യൽ നിർബന്ധമാണ്. മാത്രമല്ല, ഏറ്റവും മഹത്തരമായ പ്രാർത്ഥന

ഫാതിഹ അതിന്റെ അവസാന ആയത്തുകളിൽ ഉൾക്കൊള്ളുന്നു. പ്രാർത്ഥനയുടെ മര്യാദകളും ഫാതിഹയിലെ ആയത്തുകളിൽ നിന്ന് ഗ്രഹിച്ചെടുക്കാവുന്നതാണ്.

**അസ്സബ്ഉൽ മസാനി (السَّبْعُ المَثَانِيُّ)**

എല്ലാ ദിവസത്തെയും നിസ്കാരങ്ങളിലും, അതിൽ ഓരോ റക്അതുകളിലും ആവർത്തിക്കപ്പെടുന്ന ഏഴ് വചനങ്ങൾ ആയതു കൊണ്ടാണ് 'ആവർത്തിക്കപ്പെടുന്ന ഏഴ് (ആയതുകൾ)' എന്ന അർത്ഥത്തിൽ ഈ പേര് ഫാതിഹക്ക് നൽകപ്പെട്ടത്.

**റുഖിയ (الرُّقْيَةُ)**

മന്ത്രം എന്നർത്ഥം. രോഗങ്ങൾക്ക് ശമനം ലഭിക്കുന്നതിനും ഹൃദയ രോഗങ്ങളെ സുഖപ്പെടുത്തുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നതിനാലുമാണ് ഈ പേര് നൽകപ്പെട്ടത്.

**ഉമ്മുൽ കിതാബ് (أُمُّ الكِتَابِ)**

ഖുർആനിൽ ആദ്യമായി എഴുതപ്പെടുകയും, നിസ്കാരത്തിൽ ആദ്യം പാരായണം ചെയ്യപ്പെടുകയും ചെയ്യുന്നത് ഈ സൂറതാണ് എന്നതിനാലാണ് ഈ പേര് നൽകപ്പെട്ടത്.

**അൽ-ഖുർആനുൽ അദ്വീം (القُرْآنُ العَظِيمُ)**

മഹത്തരമായ ഖുർആൻ എന്നർത്ഥം. ഫാതിഹ അല്ലാഹുവിന്റെ സംസാരമാണ് എന്നതിനാലും, അതിലെ ആയത്തുകൾ ഉൾക്കൊള്ളുന്ന ആശയം ഏറ്റവും മഹത്തരമാണ് എന്നതിനാലും, അതിന്റെ പാരായണത്തിന് വലിയ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിനാലുമാണ് ഈ പേര്.

# ഏറ്റവും മഹത്തരം!

നബി -ﷺ- ഖുർആനിലെ ഏറ്റവും മഹത്തരമായ സൂറത്ത് എന്ന് വിശേഷിപ്പിച്ചത് ഫാതിഹയെ ആണ്. 'ഏറ്റവും മഹത്തരമായ സൂറത്ത്' എന്നു പറയുമ്പോൾ അതിന്റെ വ്യാപ്തി എന്താണെന്ന് നീ ചിന്തിച്ചിട്ടുണ്ടോ?

ഖുർആൻ തന്നെ അതിമഹത്തരമാണ്. കാരണം നിന്നെയും എന്നെയും എല്ലാ മനുഷ്യരെയും സൃഷ്ടിച്ചവനായ, ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ സംസാരമാണ് അത്.

ഓരോ വ്യക്തികളുടെയും പദവികളും സ്ഥാനങ്ങളും വർദ്ധിക്കുമ്പോൾ അവരുടെ വാക്കുകൾക്ക് പ്രാധാന്യം വർദ്ധിക്കും. പ്രജകളുടെ സംസാരം പോലെയല്ല രാജാവിന്റെ സംസാരം. മകന്റെ സംസാരം പോലെയല്ല പിതാവിന്റെ സംസാരം.

എന്നാൽ ഖുർആനോ?! രാജാക്കന്മാരുടെ രാജാവിന്റെ, പ്രപഞ്ചങ്ങളുടെ രക്ഷിതാവിന്റെ, നമ്മെയും സർവ്വതിനെയും സൃഷ്ടിച്ച അല്ലാഹുവിന്റെ സംസാരമാണ്. അതിന്റെ ഗാംഭീര്യവും പ്രാധാന്യവും എത്ര മാത്രമായിരിക്കും?!

ആ മഹത്തരമായ വാക്കുകൾ അടങ്ങുന്ന ഖുർആനിലെ ധാരാളക്കണക്കിനു അദ്ധ്യായങ്ങളിൽ ഏറ്റവും മഹത്തരമായത് ഫാതിഹയാണ്. അപ്പോൾ ലോകത്ത് നടക്കുന്ന സംസാരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ സംസാരം ഫാതിഹയാണ്.

നിസ്കാരത്തിൽ നീ ഈ സൂറത്ത് പാരായണം ചെയ്യുമ്പോഴെല്ലാം ലോകത്ത് പറയപ്പെട്ടതിൽ വെച്ച് ഏറ്റവും മഹത്തരമായ -അല്ലാഹുവിന് അങ്ങേയറ്റം- ഇഷ്ടമായ വാക്കുകളാണ്

നീ പാരായണം ചെയ്തു കൊണ്ടിരിക്കുന്നത്.

അപ്പോൾ -സഹോദരാ!- നീ ചിന്തിച്ചിട്ടുണ്ടോ?!

ഈ സൂറത്ത് കൃത്യമായി -തെറ്റാതെ പാരായണം ചെയ്യാൻ പറ്റാത്തവരുടെ- അവസ്ഥയെന്താണ്?! അത് അല്ലാഹു ഇഷ്ടപ്പെടുന്നത് പോലെ പാരായണം ചെയ്യാൻ കഴിയാത്തവർ എത്ര വലിയ അന്ധകാരത്തിലാണ്?

അതിലെ വാക്കുകളുടെ അർഥം മനസ്സിലാക്കാത്തവർ ചെയ്യുന്ന തെറ്റിന്റെ ഗൗരവം എത്ര മാത്രമാണ്?!

അതിൽ അടങ്ങിയിട്ടുള്ള ആശയങ്ങൾ ഗ്രഹിക്കാത്തവർ കഴിഞ്ഞു കൂടുന്നത് എത്ര വലിയ അജ്ഞതയിലാണ്?!

അതിനെക്കാൾ ഗുരുതരമായത്; നിസ്കാരങ്ങളിൽ ഈ ആയത്തുകൾ പാരായണം ചെയ്തതിന് ശേഷം -തൊട്ടുടനെ- അതിന് വിപരീതം പ്രവർത്തിക്കുന്നവരുടെ കാര്യമെന്താണ്?

നിന്റെ നാട്ടിലെ രാജാവ് -അല്ലെങ്കിൽ കമ്പനിയിലെ മാനേജർ- ഒരു കുറിപ്പ് നിന്റെ കയ്യിൽ തരികയും, അത് വളരെ പ്രാധാന്യവും ഗൗരവവും ഉള്ളതാണെന്ന് അറിയിക്കുകയും ചെയ്താൽ എത്ര ശ്രദ്ധയോടെയായിരിക്കും അതിലെ ഓരോ വാക്കുകളും നീ വായിക്കുക?

അപ്പോൾ നിന്റെ റബ്ബിന്റെ സംസാരങ്ങളിൽ ഏറ്റവും മഹത്തരമായ, അതിന്റെ പ്രാരംഭമായ ഫാതിഹയോ?! അതെങ്ങനെയായിരിക്കണം നീ മനസ്സിലാക്കേണ്ടിയിരിക്കുക? എപ്രകാരമായിരിക്കണം നീ അതിന് പ്രാധാന്യം കൽപ്പിക്കേണ്ടിയിരിക്കുക?!

# നീ എത്ര ഭാഗ്യവാൻ?!

ഫാതിഹയെ കുറിച്ച് നബി -ﷺ- പറഞ്ഞു:

عَنْ أُبَيِّ بْنِ كَعْبٍ قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «**مَا أَنْزَلَ اللَّهُ عَزَّ وَجَلَّ فِي التَّوْرَاةِ، وَلَا فِي الْإِنْجِيلِ مِثْلَ أُمِّ الْقُرْآنِ وَهِيَ السَّبْعُ الْمَثَانِي، وَهِيَ مَقْسُومَةٌ بَيْنِي وَبَيْنَ عَبْدِي وَلِعَبْدِي مَا سَأَلَ**»

"തൗറാതിലോ ഇഞ്ചീലിലോ സബൂറിലോ ഖുർആനിലോ ഇത് പോലൊന്ന് അവതരിക്കപ്പെട്ടിട്ടില്ല. 'സബ്ഉൽ മസാനി'യെന്ന, എനിക്ക് നൽകപ്പെട്ട 'ഖുർആനൽ അദ്വീമായ' (സൂറതുൽ ഫാതിഹയാണ്) അത്." (നസാഈ: 914)

സുബ്ഹാനല്ലാഹ്! ആകാശ ലോകങ്ങൾ സൃഷ്ടിക്കപ്പെട്ടതിന് ശേഷം ഇതു പോലെ ഒരു സൂറത് അവതരിക്കപ്പെട്ടിട്ടില്ല. ചരിത്രത്തിൽ മറ്റൊരു സമൂഹവും ഇതു പോലെ മഹത്തരമായ ഒന്ന് കേട്ടിട്ടില്ല! കഴിഞ്ഞു പോയ നബിമാരിൽ ഒരാൾക്കും ഇങ്ങനെയൊന്ന് നൽകപ്പെട്ടിട്ടേയില്ല!

ഇതു നമ്മുടെ നബിയായ മുഹമ്മദ് -ﷺ- ക്കും, അദ്ദേഹത്തിന്റെ ഉമ്മത്തിനും മാത്രം പ്രത്യേകമായി നൽകപ്പെട്ട സമ്മാനമാണ്. അവർക്ക് മാത്രമായി അല്ലാഹു കരുതി വെച്ച നിധിയാണ്!

അല്ലാഹു അക്ബർ! ചരിത്രത്തിൽ കഴിഞ്ഞു പോയ എത്രയോ നബിമാർക്ക് കേൾക്കാൻ കഴിയാതെ പോയ, എത്രയോ സ്വാലിഹീങ്ങൾക്ക് നേടിയെടുക്കാൻ കഴിയാതെ പോയ മഹാ സൗഭാഗ്യം!

അല്ലാഹു നിനക്ക് ആ ഭാഗ്യം നൽകിയിരിക്കുന്നു. ഈ ഉമ്മത്തിന് മാത്രം പ്രത്യേകമായി ഈ സൂറത് നിശ്ചയിച്ചപ്പോൾ, നിന്നെ ഈ സൂറത്ത് അവതരിക്കപ്പെടുന്ന ഉമ്മത്തിൽ ഉൾപ്പെടുത്തിയപോൾ; അല്ലാഹു നിന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹം എത്ര വലുതായിരുന്നു?!

നിന്റെ നയനങ്ങൾക്ക് ഈ വാക്കുകൾ വായിക്കാൻ അവൻ അവസരം നൽകിയിരിക്കുന്നു. നിന്റെ ചെവികൾ ആവർത്തിച്ചാവർത്തിച്ച് അത് കേൾക്കുന്നു! നിന്നെക്കാൾ അല്ലാഹുവിന് പ്രിയങ്കരരായ എത്രയോ പേർക്ക് ലഭിക്കാതെ പോയ സൗഭാഗ്യം നിനക്ക് ലഭിച്ചിരിക്കുന്നു.

അതെ! നീ എത്ര ഭാഗ്യവാനാണ്?!

പക്ഷേ! ഈ സൗഭാഗ്യത്തെ നീ എങ്ങനെയാണ് വരവേറ്റത്? അതിന് നിന്റെ ജീവിതത്തിൽ എന്ത് സ്ഥാനമാണ് ഉണ്ടായത്? അതിന്റെ പഠനത്തിനും ഗ്രഹനത്തിനും എത്ര സമയമാണ് നീ മാറ്റി വെച്ചത്?

നിന്റെ മനസ്സ് ഈ സൂറതിന്റെ ആശയ സമുദ്രത്തിന്റെ തീരങ്ങളിലെങ്കിലും നിലയുറപ്പിച്ചോ?! ഇല്ലയെങ്കിൽ...

-സഹോദരാ!- നിന്നെക്കാൾ നിർഭാഗ്യവാനായി മറ്റാരാണ് ഉള്ളത്..?! നിന്നെക്കാൾ നന്ദി കെട്ടവനായി ഇനിയാരെയാണ് നിനക്ക് കാണാൻ കഴിയുന്നത്?!

# വെളിച്ചം തേടുന്നവനേ...!

عَنِ ابْنِ عَبَّاسٍ، قَالَ: بَيْنَمَا جِبْرِيلُ قَاعِدٌ عِنْدَ النَّبِيِّ -ﷺ-، سَمِعَ نَقِيضًا مِنْ فَوْقِهِ، فَرَفَعَ رَأْسَهُ، فَقَالَ: «هَذَا بَابٌ مِنَ السَّمَاءِ فُتِحَ الْيَوْمَ لَمْ يُفْتَحْ قَطُّ إِلَّا الْيَوْمَ، فَنَزَلَ مِنْهُ مَلَكٌ، فَقَالَ: هَذَا مَلَكٌ نَزَلَ إِلَى الْأَرْضِ لَمْ يَنْزِلْ قَطُّ إِلَّا الْيَوْمَ » فَسَلَّمَ، وَقَالَ: أَبْشِرْ بِنُورَيْنِ أُوتِيتَهُمَا، لَمْ يُؤْتَهُمَا نَبِيٌّ قَبْلَكَ: فَاتِحَةُ الْكِتَابِ، وَخَوَاتِيمُ سُورَةِ الْبَقَرَةِ، لَنْ تَقْرَأَ بِحَرْفٍ مِنْهُمَا إِلَّا أُعْطِيتَهُ»

ഇബ്നു അബ്ബാസ് -رَضِيَ اللهُ عَنْهُ- പറയുന്നു: "ഒരിക്കൽ ജിബ്രീൽ -رَضِيَ اللهُ عَنْهُ- നബി -ﷺ- യോടൊപ്പം ഉള്ള വേളയിൽ അദ്ദേഹം (ജിബ്രീൽ) തന്റെ മുകളിൽ നിന്ന് (വാതിൽ തുറക്കുമ്പോൾ ഉണ്ടാകുന്നത് പോലുള്ള) ഒരു ശബ്ദം കേട്ടു. അപ്പോൾ അദ്ദേഹം തലയുയർത്തി (നോക്കി).

എന്നിട്ട് ജിബ്രീൽ പറഞ്ഞു: "ആകാശത്തിലെ ഒരു വാതിലാണ് ഇത്. ഇന്ന വരെ തുറക്കപ്പെടാത്ത ആ വാതിൽ ഇന്ന് തുറന്നിരിക്കുന്നു."

അപ്പോൾ ആ വാതിലിൽ നിന്ന് ഒരു മലക് ഇറങ്ങി വന്നു. അപ്പോൾ ജിബ്രീൽ പറഞ്ഞു: "ഭൂമിയിലേക്ക് ഇറങ്ങി വന്ന ഒരു മലകാണ് ഇത്. ഇതു വരെ ഭൂമിയിലേക്ക് ഇറങ്ങിയിട്ടില്ലാത്ത ഒരു മലകാണ് ഇത്."

മലക് (അവരുടെ അടുക്കൽ വന്നു) സലാം ചൊല്ലി. ശേഷം പറഞ്ഞു: "നിനക്ക് മുൻപ് ഒരു നബിക്കും നൽകപ്പെട്ടിട്ടില്ലാത്ത രണ്ടു പ്രകാശങ്ങൾ കൊണ്ട് സന്തോഷിക്കുക. ഫാതിഹയും, സൂറതുൽ ബഖറയിലെ അവസാനത്തെ (രണ്ട്) ആയതു

കളും ആണ് അവ. അവയിലെ ഓരോ അക്ഷരവും വായിക്കുമ്പോൾ (അതിൽ ചോദിക്കപ്പെടുന്ന കാര്യങ്ങൾ) നിനക്ക് നൽകപ്പെടാതിരിക്കില്ല." (മുസ്ലിം: 806)

അല്ലാഹു അക്ബർ! ഫാതിഹയെ കുറിച്ചും, സൂറ. ബഖറയിലെ അവസാനത്തെ ആയതിനെ കുറിച്ചുമുള്ള ഒരു സന്തോഷ വാർത്ത സർവ്വ ലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹു -تَعَالَى- അറിയിച്ച രൂപം നോക്കൂ!

ആകാശത്ത് ഒരിക്കൽ പോലും തുറക്കപ്പെടാത്ത വാതിൽ -ഈയൊരു വാർത്തക്ക് വേണ്ടി മാത്രമായി- തുറക്കപ്പെടുന്നു. ആകാശ ലോകത്ത് നിന്ന് ഒരിക്കൽ പോലും ഭൂമിയിലേക്ക് ഇറങ്ങിയിട്ടില്ലാത്ത ഒരു മലക് ഭൂമിയിലേക്ക് ഇറങ്ങി വരുന്നു. എന്താണ് ഈ വരവിന്റെ പിന്നിലെ ഉദ്ദേശം?!

ഇന്നു വരെ ഒരു നബിക്കും നൽകപ്പെടാത്ത രണ്ടു പ്രകാശങ്ങൾ നബി -ﷺ- ക്ക് നൽകപ്പെട്ടിരിക്കുന്നു എന്ന സന്തോഷ വാർത്ത അറിയിക്കാൻ..!

അതിലെ ഓരോ അക്ഷരങ്ങൾ പാരായണം ചെയ്യുമ്പോഴും അവയിൽ ചോദിക്കപ്പെട്ട കാര്യങ്ങൾ നിനക്ക് ലഭിക്കുമെന്നറിയിക്കാൻ! ഒരു മുസ്ലിമിന്റെ മനസ്സിൽ എത്ര വലിയ സന്തോഷം നിറക്കുന്ന വാർത്തയാണിത്. അവന് എത്ര ആശ്വാസം നൽകുന്ന വാക്കുകളാണിവ.

ഇവ കേട്ടതിന് ശേഷവും എങ്ങനെയാണ് അവന് ഈ പ്രാർത്ഥനകളിൽ നിന്ന് തന്റെ നാവിനെ മാറ്റി നിർത്താൻ കഴിയുക?

# അല്ലാഹുവും അടിമയും

ശ്രദ്ധിക്കുക! മനസ്സിരുത്തി വായിക്കുക! നീ വായിക്കാൻ പോകുന്നത് നബി -ﷺ- യുടെ ഹദീസുകളിൽ വളരെ മനോഹരമായ ഒരു ഹദീസാണ്.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ -ﷺ- قَالَ: « قَالَ اللَّهُ تَعَالَى: قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ الْعَبْدُ: «الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ»، قَالَ اللَّهُ تَعَالَى: حَمِدَنِي عَبْدِي، وَإِذَا قَالَ: «الرَّحْمَنِ الرَّحِيمِ»، قَالَ اللَّهُ تَعَالَى: أَثْنَى عَلَيَّ عَبْدِي، وَإِذَا قَالَ: «مَالِكِ يَوْمِ الدِّينِ»، قَالَ: مَجَّدَنِي عَبْدِي – وَقَالَ مَرَّةً فَوَّضَ إِلَيَّ عَبْدِي – فَإِذَا قَالَ: «إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ» قَالَ: هَذَا بَيْنِي وَبَيْنَ عَبْدِي، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ: «اهْدِنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ» قَالَ: هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ»

നബി -ﷺ- പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു: (നിസ്കാരത്തിലെ) ഖുർആൻ പാരായണത്തെ എനിക്കും എന്റെ അടിമക്കും ഇടയിൽ ഞാൻ രണ്ട് പകുതികളായി വീതിച്ചിരിക്കുന്നു. എന്റെ അടിമക്ക് അവൻ ചോദിക്കുന്നത് ഉണ്ടായിരിക്കും.

എന്റെ ദാസൻ 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' എന്നു പറഞ്ഞാൽ; അല്ലാഹു പറയും: 'എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു.'

അവൻ 'അർറഹ്മാനി റഹീം' എന്നു പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ എന്നെ വീണ്ടും സ്തുതിച്ചിരിക്കുന്നു.'

അവൻ 'മാലികി യൗമിദ്ദീൻ' എന്നു പറഞ്ഞാൽ അല്ലാഹു പറയും: "എന്റെ അടിമ എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.' മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "എന്റെ അടിമ (അവന്റെ കാര്യങ്ങൾ) എന്നെ ഏൽപ്പിച്ചിരിക്കുന്നു."

അവൻ 'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ' എന്നു പറഞ്ഞാൽ അല്ലാഹു പറയും: 'ഇത് എനിക്കും എന്റെ അടിമക്കും ഇടയിലുള്ള കരാറാണ്. എന്റെ അടിമക്ക് അവൻ ചോദിക്കുന്നത് ഉണ്ട്.'

അവൻ 'ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം ... വലദ്ദ്വാലീൻ' എന്നു പറഞ്ഞാൽ അവൻ പറയും: 'ഇത് എന്റെ അടിമക്ക് ഉണ്ട്. എന്റെ അടിമക്ക് അവൻ ചോദിച്ചത് ഉണ്ട്.' (മുസ്ലിം: 395)

അല്ലാഹു അക്ബർ! നീ നിസ്കാരത്തിൽ ഓരോ തവണയും, ഫാത്തിഹയിലെ ഓരോ ആയത്തുകളും പാരായണം ചെയ്യുമ്പോൾ നിന്റെ റബ്ബ് നിനക്ക് മറുപടി പറയുന്നുണ്ട്. നിനക്കറിയാമോ അക്കാര്യം?!

നിന്റെ റബ്ബ് നിന്നെ വിളിക്കുന്നു: 'അബ്ദീ'..! എന്റെ അടിമയെന്ന്. അല്ലാഹുവിന്റെ അടിമയെന്ന്. ആഹ്! "ഖൽബിന്റെ ആനന്ദമേ! നയന സൗന്ദര്യമേ! മനസ്സിന്റെ ആഹ്ലാദമേ! അവന്റെ റബ്ബിന്റെ ഈ വാക്കുകൾ കേൾക്കുമ്പോൾ -ദേഹേഛകളുടെ പുകമറകൾ ഹൃദയത്തെ മൂടിയിട്ടില്ലെങ്കിൽ, മനസ്സിന്റെ മേഘപടലങ്ങൾ അവയെ പൊതിഞ്ഞിട്ടില്ലെങ്കിൽ- തീർച്ച! ഹൃദയം സന്തോഷവും ആഹ്ലാദവും നിറഞ്ഞു കവിഞ്ഞ് മുകളിലേക്ക് തുടിച്ചുയർന്നേനേ!" (അസ്സ്വലാതു വ ഹുക്മു താരികിഹാ/ഇബ്നുൽ ഖയ്യിം: 1/202)

“നിസ്കാരത്തിൽ ഫാതിഹ പാരായണം ചെയ്യുമ്പോൾ അല്ലാഹുവിന്റെ ഈ മറുപടിക്കായി അവൻ കാത്തു നിൽക്കട്ടെ. അല്ലാഹു അവനോട് ‘എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു’ എന്നു പറയുന്നത് കേൾക്കുന്നത് പോലെ അവൻ നിലകൊള്ളട്ടെ.” (ബദാഇഉത്തഫ്സീർ/ഇബ്നുൽ ഖയ്യിം: 1/31)

വർഷങ്ങൾ എത്രയായി സഹോദരാ നീ ഫാതിഹ പാരായണം ചെയ്യുന്നു. നമ്മുടെ ആയിരക്കണക്കിന് നിസ്കാരങ്ങൾ. അവയിലെ എത്രയോ റക്അതുകൾ! എത്രയോ പാരായണങ്ങൾ. റബ്ബിന്റെ ഈ സംസാരം കേൾക്കാൻ നിന്റെ ഹൃദയം കാതോർത്തിട്ടുണ്ടോ?

സ്നേഹത്തോടെ നിന്റെ റബ്ബ് നിന്നെ വിളിച്ചു കൊണ്ടിരിക്കുന്നുണ്ടെന്ന് നീ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവൻ നിന്റെ തേട്ടങ്ങളും പ്രാർത്ഥനകളും കേൾക്കുന്നുണ്ടെന്ന് നീ ഓർത്തിട്ടുണ്ടോ?

അവന്റെ മറുപടികൾ നിന്റെ ഹൃദയം നിറക്കുകയും, അതോർത്ത് നിന്റെ ഹൃദയം തേങ്ങുകയും, കണ്ണുകൾ ഈറനണിയുകയും ചെയ്തിട്ടുണ്ടോ? ഇല്ലയെങ്കിൽ -ദുനിയാവിലെ ഈ സ്വർഗത്തിൽ നിന്റെ ഹൃദയം പ്രവേശിച്ചിട്ടില്ലെങ്കിൽ-; ആഖിറതിലെ സ്വർഗം നിനക്ക് വിദൂരം തന്നെ.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ -رَحِمَهُ اللَّهُ- പറഞ്ഞതെത്ര സത്യം: ‘ദുനിയാവിൽ ഒരു സ്വർഗമുണ്ട്; അതിൽ പ്രവേശിക്കാത്തവൻ ആഖിറതിലെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയാണത്.”

# ഫാതിഹയിലെ ശമനം

ഒരിക്കൽ നബി -ﷺ- യുടെ സ്വഹാബികളിൽ ചിലർ ഒരു യാത്രയിലായിരുന്നു. ഒരു അറബ് ഗോത്രക്കാരുടെ നാട്ടിലൂടെ അവർക്ക് യാത്ര ചെയ്യേണ്ടതുണ്ടായിരുന്നു. യാത്രക്കിടയിൽ അവിടെ അതിഥികളായി തങ്ങളെ സ്വീകരിക്കുമോ എന്ന സ്വഹാബികളുടെ ആവശ്യം അവർ സ്വീകരിച്ചില്ല.

അങ്ങനെ രാത്രി ആയപ്പോൾ അവരിൽ ചിലർ സ്വഹാബികളുടെ അടുക്കൽ വന്ന് ചോദിച്ചു: “നിങ്ങളിൽ മന്ത്രിക്കാൻ അറിയുന്ന ആരെങ്കിലും ഉണ്ടോ? ഞങ്ങളുടെ ഗോത്രത്തലവന് വിഷം ഏറ്റിരിക്കുന്നു.”

സ്വഹാബികളിൽ ഒരാൾ അയാളെ മന്ത്രിക്കാൻ തയ്യാറായി. അദ്ദേഹം ഫാതിഹ ഓതി അയാളെ മന്ത്രിക്കുകയും ചെയ്തു. അങ്ങനെ അയാളുടെ പ്രയാസം നീങ്ങി. സ്വഹാബികൾക്ക് ഗോത്രക്കാർ അവർക്ക് കുറച്ച് ആടുകളെ നൽകി.

അവർക്ക് ലഭിച്ച ഈ പ്രതിഫലം അനുവദനീയമാണോ എന്ന് നബി -ﷺ- യോട് ചോദിക്കാതെ അതിൽ നിന്ന് ഭക്ഷിക്കുകയില്ല എന്ന് അവർ തീരുമാനിച്ചു. യാത്ര കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ അവർ നബി -ﷺ- യോട് കാര്യം പറഞ്ഞു. സംഭവം കേട്ടപ്പോൾ നബി -ﷺ- പുഞ്ചിരിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു:

«وَمَا أَدْرَاكَ أَنَّهَا رُقْيَةٌ؟» ثُمَّ قَالَ: «خُذُوا مِنْهُمْ، وَاضْرِبُوا لِي بِسَهْمٍ مَعَكُمْ»

“അത് (ഫാതിഹ) മന്ത്രമാണ് എന്ന് നിനക്ക് എങ്ങനെ അറിയാം? നിങ്ങൾ (ക്ക് ലഭിച്ച പ്രതിഫലം) എടുത്തു കൊ

ളളുക. എനിക്കും അതിൽ നിന്നൊരു പങ്ക് നൽകുക." (ബുഖാരി: 5007, മുസ്ലിം: 2201)

ഈ സംഭവത്തിൽ നമുക്ക് ധാരാളം പാഠങ്ങൾ ഉണ്ട്.

(1) നബി -ﷺ- യുടെ സ്വഹാബികളെ, (2) അവർ യാത്രക്കാരായിരിക്കെ, (3) സഹായിക്കാൻ ആവശ്യപ്പെട്ടിട്ടും, (4) അതിൽ നിന്ന് വിസമ്മതിക്കുകയും, (5) ഒരു ആതിഥേയ മര്യാദയും പ്രകടിപ്പിക്കാതിരിക്കുകയും, (6) യാതൊരു ലജ്ജയുമില്ലാതെ തങ്ങൾ സഹായിക്കാത്ത വിഭാഗത്തോട് തന്നെ സഹായം തേടി ചെല്ലുകയും, (7) വലിയൊരു പ്രയാസത്തിൽ നിന്ന് (8) കാഫിറായ (9) തങ്ങളുടെ നേതാവിനെ രക്ഷപ്പെടുത്തിയവർക്ക് (10) വളരെ കുറഞ്ഞ പ്രതിഫലം നൽകി പിശുക്ക് കാണിക്കുകയും ചെയ്ത ഒരു കൂട്ടരുടെ തലവന് സൂറ. ഫാതിഹ പാരായണം ചെയ്തപ്പോൾ ഇത്ര മാത്രം അത്ഭുതകരമായ മാറ്റം ഉണ്ടാക്കാനും, അയാളുടെ ശരീരത്തിൽ ബാധിച്ച വിഷം നീക്കം ചെയ്യാനും കഴിഞ്ഞെങ്കിൽ; നമ്മുടെ കാര്യത്തിൽ എന്തു മാത്രം വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ഈ സൂറതിന് സാധിക്കും?! (ബദാഇഉത്തഫ്സീർ: 1/42)

നമ്മുടെ ശരീരത്തിൻ്റെയും മനസ്സിൻ്റെയും എന്തെല്ലാം രോഗങ്ങളെ പൂർണ്ണമായി തുടച്ചു നീക്കാൻ ഈ അദ്ധ്യായം കൊണ്ട് കഴിയും?

ഇബ്നുൽ ഖയ്യിം -رَحِمَهُ اللَّهُ- യുടെ ഒരു വാക്ക് നൽകി അവസാനിപ്പിക്കട്ടെ. അദ്ദേഹം പറഞ്ഞു: "ഏറ്റവും എളുപ്പമുള്ള ചികിത്സയാണ് ഫാതിഹ കൊണ്ടുള്ള ചികിത്സ. അതു കൊണ്ട് നല്ല രൂപത്തിൽ ഒരാൾ ചികിത്സിക്കുകയാണെങ്കിൽ

അത്ഭുതകരമായ സ്വാധീനങ്ങൾ അയാൾക്ക് കാണാൻ കഴിയുക തന്നെ ചെയ്യും.

ഞാൻ ഒരിക്കൽ മക്കയിൽ താമസിക്കുന്ന വേളയിൽ എനിക്ക് പല സന്ദർഭങ്ങളിലായി രോഗങ്ങൾ ബാധിക്കാറുണ്ടായിരുന്നു. ചികിത്സിക്കാൻ വൈദ്യനെയോ എന്തെങ്കിലും മരുന്നോ അവിടെ ലഭ്യമല്ലായിരുന്നു. അപ്പോൾ ഫാതിഹ കൊണ്ടായിരുന്നു ഞാൻ സ്വയം ചികിത്സിച്ചിരുന്നത്. അത്ഭുതകരമായ സ്വാധീനം അതെന്നിൽ ഉണ്ടാക്കിയിരുന്നു.

എന്തെങ്കിലും വേദനയോ പ്രയാസങ്ങളോ പറയുന്നവർക്ക് ഞാൻ ഫാതിഹ കൊണ്ടുള്ള ചികിത്സയാണ് നിർദേശിക്കാറുണ്ടായിരുന്നത്. അവരിൽ ധാരാളം പേർക്ക് വളരെ പെട്ടെന്ന് തന്നെ രോഗം മാറുകയും ചെയ്യാറുണ്ടായിരുന്നു." (അവലംബം: അദ്ദാഉവദ്ദവാഉ: 8)

അദ്ദേഹം പറഞ്ഞതെത്ര സത്യമാണ്. എന്നാൽ പാഠം ഉൾക്കൊള്ളുന്നവർ എത്ര തുച്ഛം! വല്ലാഹുൽ മുസ്തആൻ.

# നിസ്കാരവും ഫാതിഹയും

നിസ്കാരത്തിൽ ഫാതിഹക്കുള്ള പ്രാധാന്യം ഏതൊരു മുസ്ലിമിനും അറിയാതെ പോകില്ല. എല്ലാ നിസ്കാരങ്ങളിലും ഫാതിഹ ഓതുക എന്നത് നിർബന്ധമാണ്. ഫാതിഹ പാരായണം ചെയ്യാതെ നിസ്കരിച്ചവന്റെ നിസ്കാരം സ്വീകാര്യമല്ല.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ -ﷺ- قَالَ: «مَنْ صَلَّى صَلَاةً لَمْ يَقْرَأْ فِيهَا بِأُمِّ الْقُرْآنِ فَهِيَ خِدَاجٌ» ثَلَاثًا غَيْرُ تَمَامٍ.

നബി -ﷺ- പറഞ്ഞു: "ആരെങ്കിലും ഉമ്മുൽ ഖുർആൻ (ഫാതിഹ) പാരായണം ചെയ്യാതെ നിസ്കരിച്ചാൽ അവന്റെ നിസ്കാരം അപൂർണ്ണമാണ്." മൂന്ന് തവണ അവിടുന്ന് അതാവർത്തിച്ചു. (മുസ്ലിം: 395)

عَنْ عُبَادَةَ بْنِ الصَّامِتِ: أَنَّ رَسُولَ اللَّهِ -ﷺ قَالَ: «لاَ صَلاَةَ لِمَنْ لَمْ يَقْرَأْ بِفَاتِحَةِ الكِتَابِ»

അവിടുന്ന് പറഞ്ഞു: "ഫാതിഹ പാരായണം ചെയ്യാത്തവന് നിസ്കാരമില്ല." (ബുഖാരി: 756, മുസ്ലിം: 394)

ഈ ഹദീസുകൾ ഫാതിഹയുടെ പ്രാധാന്യവും, അതിന് നിസ്കാരവുമായുള്ള ബന്ധവും നമ്മെ അറിയിക്കുന്നുണ്ട്. ഫാതിഹക്ക് പകരം ഖുർആനിലെ മറ്റെല്ലാ സൂറതുകളും പാരായണം ചെയ്താലും അതൊന്നും ഫാതിഹക്ക് പകരം നിൽക്കുകയില്ല എന്നാണല്ലോ ഈ പറഞ്ഞതിന്റെ അർഥം.

അല്ലാഹുവിനുള്ള ഇബാദതുകളിൽ ഏറ്റവും മഹത്തരമായ ഇബാദതായ നിസ്കാരം -മറ്റെന്തെല്ലാം നിർവഹിച്ചിട്ടുണ്ട് എ

ങ്കിലും- ഫാതിഹ പാരായണം ചെയ്തിട്ടില്ലെങ്കിൽ അല്ലാഹു വിങ്കൽ സ്വീകാര്യമാവില്ല. ഈ സൂറതിന്റെ പാരായണത്തി ന് അല്ലാഹുവിന്റെ അടുക്കൽ എന്തു മാത്രം ആദരവ് ഉണ്ട് എ ന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഒരു മനുഷ്യൻ അവന്റെ ജീവിതത്തിൽ നിർബന്ധമായും നി ർവ്വഹിക്കേണ്ട കർമ്മമാണ് നിസ്കാരം എന്നതിൽ സംശയ മില്ല. ദിവസം 5 തവണകളിലായി 17 റക്അതുകളിലും ഫാതി ഹയെ കുറിച്ച് അവനെ അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

ഒരു മനുഷ്യൻ 60 വയസ്സ് വരെ ജീവിക്കുന്നെങ്കിൽ അയാളു ടെ ജീവിതത്തിൽ 50 കൊല്ലമെങ്കിലും അയാൾ മുടങ്ങാതെ നിസ്കരിച്ചിട്ടുണ്ട് എങ്കിൽ എത്ര തവണ അയാൾ ഫാതിഹ സ്മ രിക്കുന്നുണ്ടാകും? പതിനഞ്ച് ലക്ഷത്തിൽ അധികം തവണ!

അതോടൊപ്പം അയാൾ സുന്നത്തുകൾ കൂടി നിസ്കരിക്കുന്നു ണ്ട് എങ്കിലോ? നിസ്കാരത്തിന് മുൻപും ശേഷവുമുള്ള റവാ തിബ് സുന്നത്തുകൾ മാത്രം പരിഗണിച്ചാൽ തന്നെ ഒരു കോടി എൺപത്തി ആറു ലക്ഷത്തിൽ അധികം തവണ അ യാൾ തന്റെ ജീവിതത്തിൽ ഫാതിഹ ഓതിയിട്ടുണ്ടാകും.

അതിനോടൊപ്പം എല്ലാ ദിവസവും മറ്റു സുന്നത്തുകൾ കൂടി അയാൾ നിർവ്വഹിക്കുന്നുണ്ട് എങ്കിൽ ഈ കണക്ക് ഇനിയും മേലെ പോകും. അതിനെല്ലാം പുറമെ ജീവിതത്തിൽ വ്യത്യ സ്ത സന്ദർഭങ്ങളിൽ -മറ്റുള്ളവരെ പഠിപ്പിക്കുന്നതിനോ, അയാ ൾ തന്നെ സ്വയം ഇരുന്ന് പാരായണം ചെയ്യുന്നതോ- കൂട്ടി യാൽ ഭീമമായ ഒരു എണ്ണം തന്നെ അയാൾക്ക് ലഭിക്കും.

എന്തിനാണ് അല്ലാഹു -تَعَالَى- ഇത്രയധികം തവണ ഈ സൂറത്ത് നമ്മെ കൊണ്ട് പാരായണം ചെയ്യിപ്പിക്കുന്നത് എന്ന്. മറ്റു സൂറതുകളിൽ നിന്ന് ഇപ്രകാരം ഫാതിഹയെ വേറിട്ടു നിർത്തുന്നത് എന്താണെന്ന്?

ഇസ്ലാമിൽ ഒരു ഇബാദതും കേവല ഉച്ചാരണത്തിന് വേണ്ടി മാത്രമായല്ല നിയമമാക്കിയിട്ടുള്ളത്. ഖുർആൻ പോലും കേവല പാരായണത്തിന് വേണ്ടിയല്ല അവതരിപ്പിച്ചത് -അതിന് അല്ലാഹു പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും-. മറിച്ച് ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത് ചിന്തിക്കുന്നതിനും ആലോചിക്കുന്നതിനും പാഠം ഉൾക്കൊള്ളുന്നതിനും ജീവിതത്തിൽ പകർത്തുന്നതിനുമാണ്.

അപ്പോൾ ഫാതിഹയിൽ എത്ര മാത്രം പാഠങ്ങൾ ഉണ്ടായിരിക്കണം?! എന്തു മാത്രം ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്നുണ്ടായിരിക്കണം? ഓരോ ദിവസവും ആവർത്തിച്ചു ഓർക്കേണ്ട എത്രയെത്ര അടിസ്ഥാനങ്ങൾ ഉണ്ടായിരിക്കണം?!

അല്ലാഹു -تَعَالَى- ഖൽബിന്റെ വാതിൽ തുറന്നു തന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം നിനക്ക് മനസ്സിലാകാതെ പോകില്ല. ഫാതിഹയുടെ ഉള്ളറകൾ എത്രയെല്ലാം തുറന്നാലും അത്ഭുതപ്പെടുത്തി കൊണ്ട് വീണ്ടും നീണ്ടു കിടക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

എന്നാൽ -നമ്മിൽ പലർക്കും- അതിന്റെ കേവല അർത്ഥമല്ലാതെ എന്താണ് കൂടുതലായി അറിയുന്നത്?

അല്ല! ചിലർക്കെല്ലാം അർഥം പോലും അറിയില്ല. അതി

ലെന്താണ് പറയുന്നത് എന്നതിനെ കുറിച്ച് കേവല ധാരണ പോലും അവനില്ല. ഇനിയും ചിലർക്കെല്ലാം തെറ്റില്ലാതെ ഫാതിഹ പാരായണം ചെയ്യാൻ പോലും കഴിയുന്നില്ല.

ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ!

# ഫാതിഹയും പാപമോചനവും

അല്ലാഹു റഹ്മാനാണ്. റഹീമാണ്. അങ്ങേയറ്റം കാരുണ്യമുള്ളവൻ. അടിമകളോട് ധാരാളമായി കാരുണ്യം ചൊരിയുന്നവൻ. അവന്റെ കാരുണ്യം തിട്ടപ്പെടുത്തുക പോയി അതിന്റെ തീരങ്ങളിൽ നിലയുറപ്പിക്കാൻ പോലും മനുഷ്യൻ അശക്തനാണ്.

എത്രയെല്ലാം അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് അവൻ തന്റെ മനസ്സിൽ ചിന്തിച്ചാലും, അത് ചിത്രീകരിക്കാൻ അവൻ ശ്രമിച്ചാലും കാരുണ്യത്തിന്റെ വിശാലമായ ആ സമുദ്രത്തിൽ നിന്ന് ഒരു തുള്ളിയുടെ ആയിരത്തിൽ ഒരു പൊട്ടു മാത്രമാണ് അവന്റെ മനസ്സിൽ വന്നിരിക്കുന്നത്.

അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ഭാഗമായി മനുഷ്യരുടെ തിന്മകൾ പൊറുക്കുന്നതിനും, അവയിൽ നിന്ന് അവനെ ശുദ്ധീകരിക്കുന്നതിനും അനേകം കാരണങ്ങൾ ഈ പ്രപഞ്ചത്തിൽ നിശ്ചയിച്ചിട്ടുണ്ട്. അവന്റെ ഖുർആനിലെ ഏറ്റവും മഹത്തരമായ സൂറത്ത് -ഫാതിഹ-; അതിലും അപ്രകാരം അവനൊരു കാരണം നിശ്ചയിച്ചിട്ടുണ്ട്.

എന്താണത് എന്നറിയാൻ നിന്റെ മനസ്സ് തുടിക്കുന്നത് ഞാൻ കാണുന്നു. തിരക്ക് കൂട്ടേണ്ടതില്ല. നമ്മുടെ റസൂൽ -ﷺ- നമുക്കത് വിശദീകരിച്ചു തന്നിരിക്കുന്നു.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ -ﷺ- قَالَ: « إِذَا قَالَ الإِمَامُ: «غَيْرِ المَغْضُوبِ عَلَيْهِمْ وَلاَ الضَّالِّينَ فَقُولُوا آمِينَ، فَمَنْ وَافَقَ قَوْلُهُ قَوْلَ المَلاَئِكَةِ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ»

നബി -ﷺ- പറഞ്ഞു: "ഇമാം 'ഗയ്രിൽ മഗ്ദൂബി അലയ്ഹിം' എന്ന പറഞ്ഞാൽ നിങ്ങൾ ആമീൻ പറയുക. ആരുടെയെങ്കിലും (ആമീൻ) പറയൽ മലക്കുകളുടെ ആമീനിനോട് യോജിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെട്ടും." (ബുഖാരി: 4475, മുസ്ലിം: 410)

അല്ലാഹു അക്ബർ! എന്തെല്ലാം സന്തോഷ വാർത്തകളാണ് ഈ ഹദീസ് ഉൾക്കൊള്ളുന്നത്? ഒരു മുഅമിനിന്റെ മനസ്സ് കുളിർപ്പിക്കുന്ന എന്തെന്തു അറിയിപ്പുകളാണ് അവയിൽ ഉള്ളത്?

നീ നിസ്കാരത്തിൽ ആമീൻ പറയുമ്പോൾ നിന്നോടൊപ്പം മലക്കുകൾ ആമീൻ പറയുന്നു. അല്ലാഹുവിന് വളരെ ഇഷ്ടമുള്ള മലക്കുകൾ! നീയും അവർക്കൊപ്പമുണ്ട്. അല്ല! അവർ നിനക്കൊപ്പമുണ്ട്.

എന്തു വലിയ സമാധാനമാണ് ഈ അറിവ് നിന്റെ മനസ്സിന് സമ്മാനിക്കുക? ദേഹേഛയുടെ പുകപടലം മൂടിയ ഖൽബില്ലാത്ത ഏതൊരുവന്റെ ഹൃദയവും ഇത് കേൾക്കുമ്പോൾ സന്തോഷത്തിൽ മതിമറക്കാതിരിക്കില്ല.

മലക്കുകളോടൊപ്പം നിന്റെ ആമീൻ ആയിത്തീരാനുള്ള വഴി എന്താണ്? നബി -ﷺ- നിനക്ക് വഴി പറഞ്ഞു തരും:

عَنْ أَبِي هُرَيْرَةَ: أَنَّ النَّبِيَّ -ﷺ- قَالَ: «إِذَا أَمَّنَ الإِمَامُ، فَأَمِّنُوا، فَإِنَّهُ مَنْ وَافَقَ تَأْمِينُهُ تَأْمِينَ المَلاَئِكَةِ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ»

"ഇമാം ആമീൻ പറഞ്ഞാൽ നിങ്ങളും ആമീൻ പറയുക. ആരുടെയെങ്കിലും ആമീൻ മലകുകളുടെ ആമീനോട് യോജി

ച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുത്തു കൊടുക്കപ്പെടും.” (ബുഖാരി: 780, മുസ്ലിം: 410)

ഇമാം ആമീൻ പറഞ്ഞാൽ മാത്രം ആമീൻ പറയുക. അപ്പോൾ നിന്റെ ആമീൻ മലക്കുകളുടെ ആമീനോടു യോജിക്കും. ഇമാമിന് മുൻപ് ആമീൻ പറഞ്ഞാലോ, ഇമാം പറഞ്ഞു കഴിഞ്ഞതിന് ശേഷം -കുറച്ചു സമയം കഴിഞ്ഞ് പറഞ്ഞാലോ- മേൽ പറഞ്ഞ രൂപം ലഭിക്കുകയില്ല. മലക്കുകളുടെ ആമീനോട് നിന്റെ ആമീൻ യോജിക്കുകയുമില്ല.

എന്തു കൊണ്ടായിരിക്കും ഇങ്ങനെയൊരു വലിയ പ്രതിഫലം ഇത്തരമൊരു ചെറിയ പ്രവൃത്തിക്ക് നിശ്ചയിച്ചത് എന്ന് നീ ചിന്തിക്കുന്നുണ്ടായിരിക്കാം.

പണ്ഡിതന്മാർ പറഞ്ഞു: നിസ്കാരത്തിൽ ഇമാമിന്റെ പാരായണം ശ്രദ്ധിച്ചു നിൽക്കാനും, കൃത്യ സമയത്ത് ആമീൻ പറയാൻ കഴിയുന്ന രൂപത്തിൽ തയ്യാറെടുപ്പോടെ നിൽക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം നിശ്ചയിച്ചത്.

അപ്പോൾ നിസ്കാരത്തിൽ ശ്രദ്ധ എവിടെയെങ്കിലുമാകരുത്. ഇമാമിന്റെ പാരായണം ശ്രദ്ധയോടെ കേട്ടു കൊണ്ടിരിക്കണം. മലക്കുകൾ അത്ര മാത്രം ശ്രദ്ധയിലാണ് നിസ്കാരത്തിൽ നിലകൊള്ളുന്നത്. നീയും അതു പോലെ ശ്രദ്ധിക്കണം. അപ്പോഴേ ഈ പറഞ്ഞ ശ്രേഷ്ഠതയും പ്രതിഫലവും നേടിയെടുക്കാൻ കഴിയൂ. (അവലംബം: ഫത്ഹുൽ ബാരി: 2/265)

# ഉള്ളടക്കം

ഫാതിഹയുടെ പേരുകൾക്ക് പിന്നിൽ ...3
ഫാതിഹയുടെ പേരുകൾ.......................5
ഏറ്റവും മഹത്തരം!................................7
നീ എത്ര ഭാഗ്യവാൻ?!...........................9
വെളിച്ചം തേടുന്നവനേ...!......................11
അല്ലാഹുവും അടിമയും ........................13
ഫാതിഹയിലെ ശമനം ..........................16
നിസ്കാരവും ഫാതിഹയും ..................19
ഫാതിഹയും പാപമോചനവും .............23